േയാഹ. 16:16-24

**2023 ഏപ്രിൽ 30**

## വചനസന്ദേശം

**ഫാ. ബിന്റോ കോയിക്കര**

# ദുഃഖത്തിൽ നിന്നും സന്തോഷത്തിലേക്കുള്ള ദൂരം-പ്രത്യാശ

മോറിയാ മലയിലേക്ക് വിറക് കെട്ടും തലയിൽ ചുമന്നുകൊണ്ടുള്ള ദുഷ്കരമായ യാത്രയിൽ ആ കുഞ്ഞു ബാലൻ ചോദിച്ചു: ''തീയും വിറകും നമ്മുടെ പക്കലുണ്ട്. പക്ഷേ, ബലിക്കുഞ്ഞാടെവിടെ?'' അപ്പന്റെ അധരത്തിൽ നിന്നും മൊഴിയപ്പെട്ട മറുപടി ഒരുപാടു ദൂരം താണ്ടാനുള്ള ശക്തിയായി കുഞ്ഞിനു തോന്നി. ''ബലിക്കുഞ്ഞാടിനെ ദൈവം നമുക്കു തരും.''

ഈശോ ശിഷ്യന്മാരോടു പറയുന്നു: ''നിങ്ങൾ ദുഃഖിതരാകും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.'' ദുഃഖത്തിൽ നിന്നും സന്തോഷത്തിലേക്കുള്ള ദൂരമാണ് ശിഷ്യത്വത്തെ നിർണ്ണയിക്കുന്നത്. ക്രിസ്തീയ കാഴ്ചപ്പാടിൽ പ്രത്യാശയെന്ന വിളിപ്പേര് ചാർത്തി മനോഹരമായി ഈ ദൂരത്തെ നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ട്.

ഒരു മാറ്റത്തിന്റെ വിശേഷണം എന്നതിനേക്കാൾ ഒരു മതത്തിന്റെ ആവിർഭാവമാണ് ഈ വിളിപ്പേര് സൂചിപ്പിക്കുന്നത്: ക്രിസ്തുമതം. ക്രിസ്തു വിൽ പ്രത്യാശവയ്ക്കുന്ന അടിസ്ഥാന പ്രവൃത്തിയാണ് ക്രിസ്തുമതം.

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവന് ക്രിസ്തുവിൽ പ്രത്യാശവയ്ക്കാതിരിക്കാനാവില്ല. കാരണം യേശുവിന്റെ വാക്കുകൾ പ്രകാരം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും ദുഃഖിതനാകും. പക്ഷേ ആ ദുഃഖം സന്തോഷമായി മാറും. യഥാർത്ഥത്തിൽ ഈ ദുഃഖത്തിൽ നിന്നും സന്തോഷത്തിലേക്കുള്ള കാത്തിരിപ്പാണ് പ്രത്യാശ.

വചനത്തിലെ പശ്ചാത്തലം വളരെ വ്യക്തമാണ്. യോഹന്നാൻ സുവിശേഷകന്റെ ഭാഷ്യത്തിൽ യേശുവിന്റെ മരണത്തിന്റെ മണിക്കൂറിനു ശേഷം ശിഷ്യന്മാർക്ക് അവനെ കാണാൻ സാധിക്കുകയില്ല. എന്നാൽ ഉത്ഥാനാനുഭവത്തിലൂടെ വീണ്ടും യേശുവിനെ ശിഷ്യന്മാർ ദർശിക്കുകയും ചെയ്യും. ഓരോ പ്രത്യാശോന്മുഖമായ പ്രവൃത്തിയും ഉത്ഥാനാനുഭവത്തിന്റെ മുന്നാസ്വാദനമായി പരിഗണിക്കപ്പെടുകയാണ്. നമ്മൾ കരയുമ്പോൾ ലോകം സന്തോഷിക്കുകയും നമ്മൾ ദുഃഖിക്കുകയും ചെയ്യുന്ന വൈരുദ്ധ്യാത്മകത ഉത്ഥാനാനുഭവത്തിന്റെ ഭാഗമല്ല.

നമ്മൾ കരയുമ്പോൾ ലോകത്തിന്റെ പ്രതികരണങ്ങൾക്കപ്പുറം നമ്മൾ സന്തോഷിക്കുന്ന വൈരുദ്ധ്യാത്മകത പ്രത്യാശാനിർഭരമായ ഉത്ഥാനാനുഭവത്തിന്റെ അവിഭാജ്യ ഘടകമാണ്.

ക്രിസ്തുശിഷ്യത്വത്തിന്റെ ഈ വൈരുദ്ധ്യാത്മകതയാണ് പ്രത്യാശയെന്ന് നിസംശയം പറയാം. ക്രിസ്തുവിനെ അനുഗമിക്കുന്ന ഏവനും സുനിശ്ചിതമായി കൂടെ ഉണ്ടാവുമെന്ന് കരുതാവുന്ന ഒരു കാര്യം ദുഃഖമാണ്. ക്രിസ്തു സൂചിപ്പിക്കുന്ന ഈ ദുഃഖത്തിൽ നിന്നും അവന്റെ തന്നെ വാഗ്ദാനമായ സന്തോഷത്തിലേക്കുള്ള ദൂരം താണ്ടാൻ മനുഷ്യനു കൂട്ടിനുള്ളത് അവന്റെ തന്നെ ജീവിതമാണ്. ഈ ജീവിതത്തിലൂടെ ആരും ഒരിക്കലും എടുത്തുകളയാത്ത സന്തോഷത്തിലേക്ക് പ്രവേശിക്കാൻ മനുഷ്യനു കഴിയും.

ഒരിക്കൽ ഒരു ഗുരുവിന്റെ ജീവതചര്യകളാൽ ആകൃഷ്ടനായി ഒരു യുവാവ് ആശ്രമത്തിൽ വന്ന് ആശ്രമജീവിതമാരംഭിച്ചു. അതിരാവിലെയുള്ള ഗുരുവിന്റെ പ്രബോധനങ്ങൾ കേട്ട് ഒന്നും മനസ്സിലാകാതെ അയാൾ ഗുരുവിനോടു ചോദിച്ചു: ''താങ്കൾ അഗ്രാഹ്യമായ എന്താണ് ഇത്ര തീവ്രമായി പറയുന്നത്?'' അൽപസമയത്തെ മൗനത്തിനുശേഷം ഗുരു മറുപടി പറഞ്ഞു: ''ആദ്യകാലങ്ങളിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ എനിക്കഗ്രാഹ്യമായിരുന്നു. ഞാൻ അവയെ അറിയാൻ തുടങ്ങിയത് ഞാൻ ആ കാര്യങ്ങൾ ജീവിക്കാൻ തുടങ്ങിയപ്പോഴാണ്.''

ക്രിസ്തു പറയുന്ന എല്ലാ കാര്യങ്ങളും ആദ്യമേ ഗ്രഹിക്കാൻ നമുക്കായെന്നു വരില്ല.. പക്ഷേ അവ ജീവിക്കാൻ തുടങ്ങുമ്പോൾ അവയെ പൂർണ്ണമായും അറിയാൻ സാധിക്കും.

ദൈവത്തിന്റെ നിഗൂഢത മനുഷ്യനു ഗ്രാഹ്യമായത് ക്രിസ്തു ഭൂമിയിൽ അവ ജീവിക്കാൻ തുടങ്ങിയതിനു ശേഷമാണ്. മനുഷ്യാവതാരത്തിന്റെ പ്രത്യേകത ദൈവികരഹസ്യങ്ങളെ ക്രിസ്തു സ്വന്തം ജീവിതം കൊണ്ട് വിശദീകരിക്കുന്നതിൽ വിജയിച്ചു എന്നതാണ്.

ദുഃഖത്തിൽ നിന്നും സന്തോഷത്തിലേക്കുള്ള ദൂരം സ്വയം ജീവിക്കാൻ തയ്യാറാകുന്ന ക്രിസ്തുശിഷ്യനായി രൂപാന്തരപ്പെടട്ടെ.... എ